നിയമനം എന്നുപറഞ്ഞുകൊണ്ട് മാതൃഭൂമി പത്രത്തിൽ പരസ്യപ്പെടുത്തിയത്, പ്യൂൺ-അറ്റൻഡർ, അറ്റൻഡർ-പ്യൂൺ എന്നുപറഞ്ഞിട്ടാണ്. ഇതു തമ്മിൽ എന്താണ് വ്യത്യാസം? പ്യൂൺ, അറ്റന്റർ എന്നീ തസ്തികകളൊക്കെ പി.എസ്.സി.യുടെ നിയമന പരിധിയിൽ വരുന്നതായതിനാൽ പ്യൂൺ-അറ്റൻഡർ എന്ന പേര് പുനർ നാമകരണം നടത്തിയിട്ട് നിയമനം നടത്താൻവേണ്ടി രജിസ്ട്രാർ അനുമതി നൽകിയത് ചട്ടവിരുദ്ധമല്ലേ; പി.എസ്.സി.യുടെ തന്നെ നിയമത്തിന് എതിരല്ലേ? സർക്കാരിന്റെ മാനദണ്ഡത്തിന് എതിരല്ലേ; ഈ കള്ളക്കളി അവസാനിപ്പിക്കുവാൻ ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. എം. വി. രാഘവൻ : പ്യൂൺ-അറ്റൻഡർ എന്നുള്ള പോസ്റ്റ് അവർ കാണിച്ചിട്ടുണ്ട്. അത് മെമ്പർ എഴുതി തന്നാൽ പരിശോധിക്കാം.

മി. സ്പീക്കർ : അച്ചടിച്ച ലിസ്റ്റിലുള്ളവർക്ക് പുറമേ 18 പേർ ചോദ്യം ചോദിച്ചു, എന്നിട്ടും 20 മിനിട്ട് ആയില്ല. So the credit goes to the Minister also.

തൊഴിൽ നഷ്ടപ്പെടുന്നവർക്കുള്ള ആശ്വാസ നടപടികൾ

2 (*242) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. വി. കെ. ചന്ദ്രൻ
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് തൊഴിൽ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) തൊഴിൽ നഷ്ടപ്പെടുന്നവരുടെ കുടുംബത്തെ സംരക്ഷിക്കാൻ എന്ത് ആശ്വാസ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിൽ നഷ്ടപ്പെട്ടവരെ സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ;

(ഇ) കേരളത്തിലെ പൊതുമേഖലയിൽ മാത്രം തൊഴിൽ നഷ്ടപ്പെട്ടവർ എത്രയെന്ന് അറിയിക്കുമോ;

(എഫ്) പത്താം പദ്ധതിക്കാലത്ത് പുതിയ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യം വച്ചിട്ടുള്ളത് എന്നും ഇതിനകം എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ,

(എ) സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായ പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആഗോളവൽക്കരണത്തിന്റെ ഭാഗമായി വന്ന കിടമൽസരത്തിനെ അതിജീവിക്കാൻ പല വ്യവസായങ്ങൾക്കും സാധിച്ചിട്ടില്ല. കൂടാതെ ആഗോളനിലവാരവുമായി കിടപിടിക്കുന്നതിനായി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായ ആധുനികവൽക്കരണവും തൊഴിലവസരങ്ങൾ കുറയുന്നതിന് കാരണമായിട്ടുണ്ട്.

(സി) പൊതുമേഖലാസ്ഥാപനങ്ങളും സ്വകാര്യമേഖലാസ്ഥാപനങ്ങളും വോളന്ററി റിട്ടയർമെന്റ് സ്കീം മുഖാന്തിരമാണ് അധിക ജീവനക്കാരെ ഒഴിവാക്കുന്നത്. തൊഴിൽ നഷ്ടം സംഭവിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ അതാതു യൂണിയനുകളുമായി ഉഭയകക്ഷി തലത്തിലോ ത്രികക്ഷി ചർച്ചയിലോ തീരുമാനിക്കപ്പെടാറുണ്ട്.

(ഡി) തൊഴിൽ നഷ്ടപ്പെട്ടവരെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ഇ) ഈ വിവരം ലഭ്യമല്ല.

(എഫ്) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകി വരുന്നു. അഞ്ച് വർഷം കൊണ്ട് പതിനഞ്ച് ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. എ. കെ. ബാലൻ : സർ, ഗുരുതരമായൊരു പ്രശ്നം തൊഴിൽ മേഖലയിൽ രൂപം കൊള്ളുകയാണ്. പരമ്പരാഗത വ്യവസായ രംഗത്ത് 5 ലക്ഷം തൊഴിലാളികൾക്ക് ജോലിയില്ലാതായി. ഏതാണ്ട് 33,000 തൊഴിലാളികൾക്ക് പൊതുമേഖലയിൽ ജോലിയില്ലാതാകാൻ പോകുകയാണ്. അസംഘടിത മേഖലയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക്, പാറപൊട്ടിക്കൽ നിരോധനത്തിന്റെയും ചുമട്ടുതൊഴിലാളി നിയമത്തിന്റേയും മണൽ ,വാരൽ നിയന്ത്രണത്തിന്റെയും ഭാഗമായി തൊഴിലില്ലാതായി. ഇത്തരമൊരു സാഹചര്യത്തിൽ പശ്ചിമബംഗാളിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഓരോ മാസവും 1000 രൂപ ധനസഹായമായി കൊടുക്കുന്ന ഒരു സ്ക്കീമുണ്ട്. ആ രൂപത്തിൽ ഒരു പദ്ധതി ലേബർ വകുപ്പ് നേതൃത്വം കൊടുത്ത് കേരളത്തിലും നടപ്പിലാക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : ബംഗാളിൽ അങ്ങനെയൊരു സ്കീം പൊതുവായിട്ടില്ല. ആദ്യത്തെ വർഷത്തേയ്ക്ക് 1000 രൂപ കൊടുക്കുകയാണ്. അതിന് എംപ്ലോയി ആയിരിക്കുമ്പോൾ കോൺട്രിബ്യൂഷൻ കൊടുക്കണം. അങ്ങനെയൊരു സ്കീമിന് അവിടെ രൂപം കൊടുത്തിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് കേരളാ ഗവൺമെന്റ് മുമ്പ് ആലോചിച്ചിരുന്നു. ഇപ്പോൾ ഗവൺമെന്റിന്റെ മുമ്പിൽ അങ്ങനെയൊരു പദ്ധതി നിലവിൽ ഇല്ല. അതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ജൂൺ മാസം 25-ാം തീയതി സമർപ്പിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ സൂചിപ്പിച്ച ഒരു കാര്യം ചോദ്യമായിട്ട് ഞാൻ ചോദിക്കുകയാണ്. പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യ ഫെസ്റ്റിവൽ അലവൻസായി കഴിഞ്ഞ തവണ 1,000 രൂപ വീതം അനുവദിച്ചു. അതിനായി 30 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. അത് ഗ്രാന്റായിട്ടാണ് അനുവദിച്ചത്. അതിപ്പോൾ ലോണായി കണക്കാക്കി തിരിച്ചടയ്ക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു. ഇതിനായി ഈ പ്രാവശ്യം തുകയൊന്നും ബഡ്ജറ്റിൽ ഇല്ല. ഫെസ്റ്റിവൽ അലവൻസായി 1000 രൂപ തൊഴിലാളിക്ക് കൊടുത്തത് തിരിച്ചുപിടിക്കാൻ വേണ്ടി ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. ഇത് വളരെ പരിമിതമായ തൊഴിലാളികൾക്ക് മാത്രമേയുള്ളൂ. പാലക്കാട് പുതുശ്ശേരി ഇൻഡസ്ട്രിയൽ ഏരിയായിൽ 27 സ്ഥാപനങ്ങൾ പൂട്ടി. 7300 തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതായി. അവർ മുഴുപ്പട്ടിണിയിലാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഫെസ്റ്റിവൽ അലവൻസായി കൊടുത്തത് ലോണായി കണക്കാക്കുന്ന നടപടി ഗവൺമെന്റ് മാറ്റുമോ ?

ശ്രീ. ബാബു ദിവാകരൻ : ഫെസ്റ്റിവൽ അലവൻസ് കൊടുത്തത് ലോണാക്കി മാറ്റുന്നതിന് ഗവൺമെന്റ് തലത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല. അങ്ങനെ മാറ്റുന്ന പ്രശ്നവുമില്ല. അത് ഗ്രാന്റായി കൊടുത്തതാണ്, തിരിച്ചുപിടിക്കുന്ന പ്രശ്നവുമില്ല.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ആഗോളവൽക്കരണവും ആധുനികവൽക്കരണവും കാരണം തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചുവരുകയാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് ഒരു വർഷം മുമ്പ് മന്ത്രി പറഞ്ഞു, 5 വർഷം കൊണ്ട് 5 ലക്ഷം പേർക്ക് തൊഴിൽ നൽകാൻ വേണ്ടിയുള്ള പദ്ധതിക്ക് രൂപം കൊടുക്കുകയും അതിന് വിശദീകരണങ്ങൾ തീരുമാനിക്കുന്നതിനായി തൊഴിൽ വകുപ്പുമന്ത്രി കൺവീനറായി മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയുണ്ടായി, ഈ സമിതി പല തവണ യോഗം ചേർന്ന് കാര്യങ്ങൾ ആവിഷ്ക്കരിച്ചുവരികയാണെന്ന്. ഒരു വർഷം മുമ്പ് മന്ത്രി രേഖാമൂലം നൽകിയ മറുപടിയാണിത്. ഒരു വർഷമായി നടത്തുന്ന ഈ പരിപാടിയുടെ ഫലമായി പുതിയ ആളുകൾക്ക് ജോലി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. ബാബു ദിവാകരൻ : തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ഏതെങ്കിലും ഒരു പ്രത്യേക പദ്ധതിയിലൂടെ അല്ല. നമ്മുടെ സംസ്ഥാനത്ത് പൊതുവിൽ നിക്ഷേപങ്ങൾ വർദ്ധിക്കുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെയും മാത്രമേ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. ഏതെങ്കിലുമൊരു പദ്ധതിയിലൂടെ നമുക്ക് 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമോ ? തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനെ സംബന്ധിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളിലൊക്കെ പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ

സംസ്ഥാനത്ത് ആദ്യമായി കഴിഞ്ഞ ബഡ്ജറ്റിൽ 201 കോടി രൂപ വകയിരുത്തി സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തു. അത് മന്ത്രിസഭയുടെ സജീവ പരിഗണനയിലാണ്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ഈ സർക്കാരിന്റെ മറ്റൊരു പ്രഖ്യാപനം , പരമ്പരാഗതവ്യവസായ മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് തൊഴിൽ നൽകാനും പുനരധിവസിപ്പിക്കാനും 100 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് ഒരു വർഷം മുമ്പ് സർക്കാർ പ്രഖ്യാപിച്ചിരുന്നു. ആ പാക്കേജ് നടത്തിപ്പിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയാമോ ?

ശ്രീ. ബാബു ദിവാകരൻ : അത് പരമ്പരാഗതവ്യവസായങ്ങൾക്ക് മാത്രമായിട്ടല്ല. കാർഷിക മേഖലയിലാണ് 100 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചത്. അത് പരമ്പരാഗത വ്യവസായങ്ങൾക്കുമുണ്ടാകും.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, കഴിഞ്ഞ ദിവസം എം.എൽ.എ.-മാർക്കായി ഒരു സെമിനാർ നടത്തുകയുണ്ടായി. ആ സെമിനാറിൽ പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം കേരളത്തിലാണ് ഏറ്റവും കൂടുതൽ ചെറുകിട വ്യവസായ സംരംഭങ്ങളുള്ളത് എന്നാണ്. വൈദ്യുതിച്ചാർജ് വർദ്ധനവിന്റെ ഭാഗമായി കേരളത്തിലെ ഒട്ടനവധി ചെറുകിട വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെട്ടു. വൈദ്യുതിച്ചാർജ് അടയ്ക്കാൻ കഴിയാത്തതുകൊണ്ട് വൈദ്യുതി ബന്ധം. വിച്ഛേദിച്ചു. കേരളത്തിൽ മഹാഭൂരിപക്ഷം വരുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ വൈദ്യുതി ചാർജ് വർദ്ധനവിന്റെ ഭാഗമായി അടച്ചുപൂട്ടിയതിനാൽ ഒട്ടനവധി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി വൈദ്യുതി ചാർജ് കുറയ്ക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : വ്യവസായങ്ങൾ പൂട്ടപ്പെടുന്നതും തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതും പല കാരണങ്ങൾ കൊണ്ടാണ്. അതിലൊരു കാരണം വൈദ്യുതിയുടെ വർദ്ധനവാകാം. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് വ്യവസായ സംരംഭങ്ങൾക്ക് വളരാനും നിലനിൽക്കാനുമാവശ്യമായ സാഹചര്യം സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. അതിലൊരു വിഷയം ഇലക്ട്രിസിറ്റിയാണെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. അത് കൂട്ടായ ചർച്ചയിലൂടെ മാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂ. വൈദ്യുതി ബോർഡിന്റെ നിലനിൽപ്പ് മറ്റൊരു പ്രശ്നമാണ്. ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ട് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഉള്ളവ നിലനിർത്താനും കഴിയുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പറയുന്നത് സർക്കാരിനെ ഒരു തൊഴിൽ ദാതാവായി കാണേണ്ടതില്ലായെന്നാണ്. ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്ത് അനവധി തസ്തികകൾ വെട്ടിക്കുറച്ചു. ഡിപ്പാർട്ടുമെന്റുകൾ തന്നെ പലതും ഇല്ലാതായി. ഇങ്ങനെ തസ്തിക വെട്ടിക്കുറയ്ക്കുകയും ഡിപ്പാർട്ടുമെന്റുകൾ ഇല്ലാതാകുകയും ചെയ്യുന്നതിന്റെ ഭാഗമായി കേരളത്തിൽ എത്ര ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്, അവരെ പുനരധിവസിപ്പിക്കാൻ വേണ്ടി എന്തു നടപടിയാണ് ഈ സർക്കാർ സ്വീകരിക്കാൻ പോകുന്നത് ?

ശ്രീ. ബാബു ദിവാകരൻ : സംസ്ഥാനത്ത് അങ്ങനെ വലിയതോതിലുള്ള വെട്ടിക്കുറവൊന്നും നടത്തിയിട്ടില്ല. ഒരു പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ലാത്ത, പ്രത്യേക വർക്ക്‌ലോഡ് ഇല്ലാത്ത, പ്രത്യേകിച്ച് കോൺട്രിബ്യൂഷൻ നൽകാൻ കഴിയാത്ത തസ്തികകൾ കുറച്ചിട്ടുണ്ട്. അത് കൃത്യമായി എത്രയെണ്ണമെന്നു പറയാൻ ലേബർ ഡിപ്പാർട്ട്മെന്റിനു കഴിയുകയില്ല.

മി. സ്പീക്കർ : അതിന് പ്രത്യേക ചോദ്യം ചോദിച്ചാൽ മതി.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, കേരളത്തിന്റെ പ്രശസ്തി ലോകം മുഴുവൻ എത്തിക്കുകയും പ്രതിവർഷം 600 കോടി രൂപയോളം നമ്മുടെ സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തിരുന്ന മലയാള സിനിമ ഇന്ന് പ്രതിസന്ധിയിലാണ്. പതിനായിരക്കണക്കിന് തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ മേഖലയിലെ പകുതി തൊഴിലാളികളും പട്ടിണിയിലാണ്. തൊഴിൽ നഷ്ടപ്പെടുന്നവർക്ക് ആശ്വാസം എന്ന നിലയിൽ വാട്ടർ തീം പാർക്കുകൾക്കും മറ്റും നൽകുന്നതുപോലെ നികുതിയിളവ് നൽകി ഈ മേഖലയിലെ തൊഴിലാളികളെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : വ്യവസായത്തിന്റെ എല്ലാ മേഖലകളിലും ഇതുപോലെ പ്രശ്നമുണ്ട്. സബ്സിഡി കൊടുത്തും ഇതുപോലെയുള്ള സാമ്പത്തിക സഹായം ചെയ്തും വ്യവസായങ്ങളെ നിലനിർത്താൻ ഗവൺമെന്റിന് കഴിയില്ല. സിനിമാ വ്യവസായത്തിന്റെ പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇതിനോടകം അതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതെല്ലാം തീർച്ചയായും ചെയ്യും.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഗൾഫ് നാടുകളിൽ മാറിമാറി വരുന്ന തൊഴിൽ നിയമങ്ങൾ കാരണം ഏകദേശം 9 ലക്ഷത്തോളം മലയാളികളാണ് തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേക്ക് മടങ്ങിവന്നിട്ടുള്ളത്. പ്രതിവർഷം 25,000 കോടി രൂപ വരെ വിദേശനാണ്യം നേടിത്തന്നിരുന്നവരിൽ മടങ്ങിവന്ന മലയാളികൾ ശരിക്കും തൊഴിലില്ലാതെ ബുദ്ധിമുട്ടുകയാണ്. ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : ഗൾഫിൽ തൊഴിൽ നിയമങ്ങളിൽ അടിക്കടിയുണ്ടാകുന്ന മാറ്റങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിന്ന് അവിടെ തൊഴിൽ തേടിപ്പോയിട്ടുള്ളവരെ, അല്ലെങ്കിൽ തൊഴിൽ തേടിപ്പോകാൻ ആഗ്രഹിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഗുരുതരമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട് എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഈ രാജ്യത്തെ തൊഴിൽ മന്ത്രാലയവുമായി ഈ കാര്യങ്ങൾ ടേക്ക് അപ് ചെയ്തിട്ടുണ്ട്. നോർക്കയുടെ ചുമതല വഹിക്കുന്ന മന്ത്രി നേരിട്ട് തൊഴിൽവകുപ്പുമന്ത്രിയുമായി സംസാരിച്ചു. ഞാൻ കേന്ദ്ര മന്ത്രിയുമായി സംസാരിച്ചതിന്റെ ഫലമായിട്ട് അവസാനം കേന്ദ്ര തൊഴിൽവകുപ്പിറക്കിയ ഓർഡർ നമ്മൾ ഇംപ്ലിമെന്റ് ചെയ്യാതെ സ്റ്റേ ചെയ്ത് വച്ചിരിക്കുകയാണ്. ഇത് വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് കാണുന്നുണ്ട്. ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, എം.ജി.പി. അനുസരിച്ച് തൊഴിൽ വ്യവസായ വകുപ്പുകളുടെ സംയുക്ത സെൽ രൂപീകരിച്ചും തൊഴിൽ നയം പുനരവലോകനം ചെയ്തും കഴിയുന്നത്ര നിലവിലുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതിരിക്കാനും നഷ്ടപ്പെട്ടവർക്ക് ബാങ്കുകളുടെ വായ്പാ പദ്ധതിയും പ്രാദേശിക സർക്കാരുകളുടെ നിക്ഷേപ പദ്ധതിയും ചേർത്ത് ഒരു സംയുക്ത പദ്ധതി ആരംഭിക്കുവാനും തൊഴിൽ വകുപ്പ് മുൻകൈ എടുക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി എം.ജി.പി.യിലുടെയും അതുപോലെതന്നെ എ.ഡി.ബി.യുടെയും സഹായത്തോടെ റീ ട്രെയിനിംഗ് ആൻഡ് റി-ഡിപ്ലോയ്മെന്റ് എന്നൊരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അത് നമ്മുടെ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, മൂന്നാമത്തെ ചോദ്യത്തിനു മറുപടിയായി ആശ്വാസ പദ്ധതിയെ സംബന്ധിച്ച് ആലോചിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 20 തേയിലത്തോട്ടങ്ങളും 4 കാപ്പി തോട്ടങ്ങളും 20 മാസത്തിലേറെയായി പൂട്ടിക്കിടക്കുകയാണെന്ന് 19-ാം തീയതി അങ്ങിവിടെ ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു. അതിൽ 11,463 തൊഴിലാളികൾ 20 മാസമായി പണിയില്ലാതെ പട്ടിണി കിടക്കുകയാണ്. അങ്ങനെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളെ സംരക്ഷിക്കാൻവേണ്ടി താൽക്കാലികമായെങ്കിലും തോട്ടങ്ങൾ ഏറ്റെടുക്കാനും അവർക്ക് തൊഴിൽ നൽകാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : ആ തോട്ടങ്ങൾ താൽക്കാലികമായി ഏറ്റെടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് നിയമപരമായി വളരെയധികം പരിമിതികളുണ്ട്. കേന്ദ്രഗവൺമെന്റിനു മാത്രമേ ടീ ആക്ടുപയോഗിച്ച് ഇതിൽ നടപടികൾ സ്വീകരിക്കാനുള്ള നിയമപരമായ അവകാശമുള്ളൂ. സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

നിയമം അതിന് അനുവദിക്കുന്നില്ല. കേന്ദ്രഗവൺമെന്റ് ആ തരത്തിൽ ആലോചിക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ കോമേഴ്സ് മിനിസ്റ്റർ കഴിഞ്ഞ ദിവസങ്ങളിൽ അടഞ്ഞുകിടക്കുന്ന തോട്ടം ഉടമകളെ ചർച്ചക്കായി ക്ഷണിച്ചിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും 15,000-ത്തോളം വരുന്ന തോട്ടം തൊഴിലാളികളുടെ പ്രയാസങ്ങൾക്ക് അറുതി വരുത്താനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്. അവർക്കുള്ള ആശ്വാസ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്. തോട്ടം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഓരോ എസ്റ്റേറ്റ് ഉടമയുമായി പ്രത്യേകം പ്രത്യേകം അടുത്ത തിങ്കളാഴ്ച മുതൽതന്നെ ചർച്ചകൾ ആരംഭിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. സുഗതൻ: സർ, ഇവിടെ തൊഴിൽ നഷ്ടപ്പെടുന്നവർക്കുള്ള ആശ്വാസ നടപടിയെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഒരു പുത്തൻ പ്രവണതയുണ്ട്, സ്ഥാപനങ്ങൾ ഉപേക്ഷിച്ചിട്ട് പോകുന്ന ഉടമകളുണ്ട്. കേരളാ സ്പിന്നേഴ്സ് ഒരു ബിർളാ സ്ഥാപനമായിരുന്നു. ഇപ്പോൾ അത് കൈമാറി വേറെ ആളുകളുടെ കൈയിൽ വന്നതാണ്. ഈ ബിർളയുടെ മാനേജുമെന്റ് ഒരുകാലത്ത് ചർച്ചകൾക്ക് വരാതിരുന്നപ്പോൾ, അങ്ങയുടെ പിതാവ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് I.D.ആക്ട്. ഉപയോഗിക്കുമെന്നുവരെ പറഞ്ഞ് അവരെ വരുത്തി കോൺഫറൻസിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. അതൊക്കെ നമ്മുടെ തൊഴിൽ രംഗത്തുണ്ടായ കാര്യങ്ങളാണ്. ഇന്ന് മാനേജുമെന്റ് അത് അബാൻഡൻ ചെയ്തു, ലേ ഓഫ് അല്ല, ലോക്കൗട്ടല്ല, ക്ലോസറല്ല, അങ്ങനെ ഒന്നുമല്ലാത്ത അവസ്ഥയിൽ പോയിരിക്കുകയാണ്. ഇത് സ്വകാര്യ മേഖലയിലെ സ്ഥിതിയാണെങ്കിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യം പറയാതിരിക്കാനുന്നതാണ് ഭേദം. കെ.എസ്.ഡി.പി. പൊതുമേഖലാ സ്ഥാപനമാണ്, സർക്കാർ വക സ്ഥാപനമാണ്. മൂന്നുമാസമായി ശമ്പളമില്ല. ലോക്കൗട്ടല്ല, ലേ ഓഫ് അല്ല, ക്ലോസറുമല്ല. അത് അബാൻഡൻ ചെയ്ത അവസ്ഥയിൽ കിടക്കുന്നു. ഫാക്ടറീസ് ആക്ടിന്റേയും ഐ.ഡി. ആക്ടിന്റേയും പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ കാര്യത്തിൽ എന്താണ് ഉദ്ദേശിക്കുന്നതെന്ന് പറയാൻ കഴിയുമോ ?

ശ്രീ. ബാബു ദിവാകരൻ: ഇവിടെ തോട്ടം മേഖലയുടെ കാര്യം പറഞ്ഞതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് ഒരു പുതിയ ഡവലപ്മെന്റുള്ളത് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ടെക്സ്റ്റൈൽ മേഖല വളരെ ഗുരുതരമായ സ്ഥിതിവിശേഷത്തിലേയ്ക്ക് വരികയാണ്. കേരളത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി പ്രവർത്തിക്കുന്ന ടെക്സ്റ്റൈൽ മില്ലുകൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. അതിന്റെ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടുപിടിക്കാൻ കഴിയുന്നില്ല. മറ്റു സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉല്പാദനച്ചെലവിലുണ്ടായിട്ടുള്ള വർദ്ധനവ് താങ്ങാൻ കഴിയുന്നില്ല. ആകെയുണ്ടായിരുന്നത് ഇലക്ട്രിസിറ്റിയിലുണ്ടായിരുന്ന അഡ്വാന്റേജാണ്. ഇപ്പോൾ അതും

ഇല്ലാതായിത്തീർന്ന സ്ഥിതിക്ക് ടെക്സ്റ്റൈൽമില്ലുകളുടെ പ്രവർത്തനം പൊതുവിൽ പ്രതിസന്ധിയിലാണ്. അതിന്റെ ഭാഗമായിട്ടാണ് ആലപ്പുഴ സ്പിന്നേഴ്സും പ്രതിസന്ധിയെ നേരിടുന്നത്. ഈ ആഴ്ച മാനേജ്മെന്റിന്റെ കോൺഫറൻസ് വിളിച്ചിട്ടുണ്ട്. അവരെ വിളിച്ചുവരുത്തി അത് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, അങ്ങ് ടെക്സ്റ്റൈൽ രംഗത്തെ പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കേരളത്തിൽ ഏറ്റവുമധികം പ്രതിസന്ധി നിലനിൽക്കുന്ന രണ്ടു മേഖലകളാണ് കൈത്തറിയും ഖാദിയും. കേരളത്തിലാകെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീ സമൂഹത്തിന് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. എന്റെ മണ്ഡലത്തിൽ തന്നെ പ്രൈവറ്റ് മേഖലയിലുള്ള വി.വി.കെ. ടെക്സ്റ്റൈൽസ് പോലുള്ളത് പൂട്ടി. സഹകരണ മേഖലയിലുള്ള പല കൈത്തറി സംഘങ്ങളും പൂട്ടലിന്റെ വക്കത്തെത്തി നിൽക്കുകയാണ്. ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ അവരെ പുനരധിവസിപ്പിക്കാനും, അവർക്ക് തൊഴിൽ കൊടുക്കാനും സഹായം നൽകാനും ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : കൈത്തറി മേഖലയെ സംബന്ധിച്ചിടത്തോളം ചില പ്രതിസന്ധികളുണ്ട്. അത് നമുക്ക് തരണം ചെയ്യാൻ കഴിയുന്നതാണെന്നാണ് ഞങ്ങളുടെയൊക്കെ വിശ്വാസം. ആഗോളതലത്തിൽ കൈത്തറിക്കുണ്ടായിട്ടുള്ള താല്പര്യം ചൂഷണം ചെയ്യാൻ കഴിഞ്ഞാൽ തീർച്ചയായും നമ്മുടെ കൈത്തറിക്കും ഖാദിക്കും നിലനിൽക്കാൻ കഴിയും. റിബേറ്റുകൾ തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്രഗവൺമെന്റ് അതിപ്പോൾ സബ്സിഡി എന്ന രീതിയിൽ ഒരു പുതിയ സ്കീമായി അവതരിപ്പിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് കൂടുതൽ പറയാൻ കഴിയുന്നത് വ്യവസായ വകുപ്പുമന്ത്രിക്കാണ്. റിബേറ്റ് സംവിധാനം നിർത്തി എന്നുള്ളത് ശരിയാണ്, ഇന്ന് വ്യവസായ വകുപ്പിനെ സംബന്ധിച്ചുള്ള ഡിമാൻഡാണ് സഭ ചർച്ച ചെയ്യുന്നത്. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഉന്നയിക്കാം. അതിനെക്കുറിച്ച് വ്യക്തമായ മറുപടി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയും.

ശ്രീ. ടി. കെ. ബാലൻ : സർ, കേരളത്തിൽ സംഘടിത, അസംഘടിത മേഖലയിൽ രണ്ടു ലക്ഷത്തിലധികം ബീഡി തൊഴിലാളികളുണ്ട്. അവരിന്ന് അർദ്ധ പട്ടിണിയിലാണ്. വളരെ നല്ല നിലയിൽ നടന്നിരുന്ന ദിനേശ് ബീഡിയിൽ തന്നെ ഇപ്പോൾ ആഴ്ചയിൽ രണ്ടുമൂന്നു ദിവസം മാത്രമേ തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നുള്ളൂ. ഹൈക്കോടതി വിധിയും വ്യാജ ബീഡിയുമൊക്കെ വന്നതുകൊണ്ട് ഈ മേഖലയാകെ തകർന്നിരിക്കുകയാണ്. അതുകൊണ്ട് പ്രത്യേകമായ സാമ്പത്തികാനുകൂല്യങ്ങൾ കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും കാലവർഷങ്ങളിൽ സൗജന്യ റേഷനും കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസവും മെഡിക്കൽ എയ്ഡും ഈ കുടുംബങ്ങൾക്ക് കൊടുക്കുന്നകാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെ അഖിലേന്ത്യാ തലത്തിൽ തന്നെ ഇന്നിപ്പോൾ പുകവലിക്കാരുടെ എണ്ണം കുറഞ്ഞുവരുന്നു. മാർക്കറ്റിൽ ഇതിന്റെ ചെലവ് നമ്മൾ പ്രതീക്ഷിച്ച നിലയിൽ ഉയർന്നുമില്ല. അതുകൊണ്ട് ആ വ്യവസായത്തിൽ പ്രതിസന്ധിയുണ്ട്. തൊഴിലാളികളെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പരിശോധിക്കാം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, തൊഴിൽ നഷ്ടപ്പെടുന്നവരുടെ പ്രശ്നം പോലെതന്നെയാണ് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പ്രശ്നവും. മഴയ്ക്കുവേണ്ടി കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ 50 ലക്ഷത്തോളം പേരാണ് തൊഴിൽ കാത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നത്. തൊഴിൽ നഷ്ടപ്പെടുന്നവർക്ക് ആശ്വാസം വേണമെന്നു പറയുന്നതുപോലെ തൊഴിലില്ലായ്മാ വേതനം വർദ്ധിപ്പിക്കാനും എന്തെങ്കിലും നിർദ്ദേശമുണ്ടോ ; അവർക്ക് കൊടുക്കുന്ന പൈസ രണ്ട് ചായ കുടിക്കാൻപോലും തികയുന്നില്ല, അത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നീക്കമുണ്ടോ ; അവരെ സർവ്വേ പ്രവർത്തനങ്ങൾ പോലെയുള്ള ജോലികൾക്ക് വിനിയോഗിക്കുന്ന ഒരു പദ്ധതി ഈ 200 കോടി രൂപയുടെ തൊഴിൽ പദ്ധതിയിൽ ആവിഷ്ക്കരിക്കാൻ തയ്യാറാകുമോ ?

മി. സ്പീക്കർ : അത് ഇതിൽ വരുന്നതല്ല.

ശ്രീ. ബാബു ദിവാകരൻ : 36,73,938 പേരാണ് ഇന്നത്തെ കണക്കനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. തൊഴിലില്ലായ്മ വേതനം സംബന്ധിച്ച് രണ്ടഭിപ്രായങ്ങൾ വന്നിട്ടുണ്ട്. തൊഴിലില്ലായ്മ വേതനം കൊടുക്കുന്നതുകൊണ്ട് ഫലപ്രദമാകില്ല, അതല്ല, തൊഴിലില്ലായ്മാ വേതനം വർദ്ധിപ്പിക്കണം എന്നുള്ള ആവശ്യവുമുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, കേന്ദ്ര സംസ്ഥാനസർക്കാരുകളുടെ സ്വകാര്യവൽക്കരണ നടപടികളിലൂടെ തൊഴിൽ നഷ്ടപ്പെടുന്ന പുതിയൊരു സാമൂഹ്യ പ്രശ്നം ഉയരുകയാണ്. ഈ സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും പുതുതായുണ്ടാകുന്ന തൊഴിലവസരങ്ങളിൽ പ്രാമുഖ്യം നൽകാനും സഹകരണ സ്ഥാപനങ്ങളിലൂടെ പലിശയില്ലാത്ത വായ്പ നൽകി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ അവരെ സഹായിക്കാനും ആലോചിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : അത് മുമ്പ് ഞാൻ പറഞ്ഞതാണ്, എം.ജി.പി.യുടെയും അതുപോലെതന്നെ എ. ഡി. ബി. യുടേയും സ്കീം അനുസരിച്ച് ഇവരെ റീട്രെയിൻ ചെയ്യാനും റീഡിപ്ലോയ് ചെയ്യാനും പുതിയ മേഖലകളിൽ അവർക്ക് തൊഴിൽ കണ്ടെത്താനുമുള്ള സ്കീമുകളുണ്ട്. അതുപോലെതന്നെ അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച സഹകരണ സ്ഥാപനങ്ങളടക്കമുള്ള കാര്യങ്ങളെക്കുറിച്ച് നമുക്ക് കൂട്ടായി ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ, അങ്ങിവിടെ കഴിഞ്ഞ ദിവസം രേഖാമൂലം നൽകിയ മറുപടിയിൽ, തൊഴിൽ നഷ്ടപ്പെട്ട തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുന്നു എന്നാണ് പറഞ്ഞത്. കഴിഞ്ഞ സെഷനിൽ ഫ്ളോറിൽ ഇതേ മറുപടിതന്നെ അങ്ങ് പറയുകയുണ്ടായി. പക്ഷേ ഏതാണ്ട് ഒരു വർഷക്കാലത്തിനുമുമ്പ് ആകെ ഒരാഴ്ചയാണ് തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകിയിട്ടുള്ളത്. വളരെ ഗുരുതരമായിട്ടുള്ള ഈ പ്രശ്നം കണക്കിലെടുത്തുകൊണ്ട് പതിനായിരക്കണക്കിനുവരുന്ന തോട്ടം തൊഴിലാളികൾക്ക് സൗജന്യ റേഷനും ചികിൽസയും അടിയന്തിരമായി നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ബാബു ദിവാകരൻ : ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയായ കണക്കല്ല. ഇതിനകം തന്നെ ആറു ആഴ്ചയിലധികം സൗജന്യ റേഷൻ കൊടുത്തു കഴിഞ്ഞു. കഴിഞ്ഞ ദിവസം വീണ്ടും അതു തുടരാൻ തീരുമാനം എടുക്കുകയും ചെയ്തു. വരുന്ന ആഴ്ചകളിലും അതു തുടരാൻ തീരുമാനിച്ചിട്ടുണ്ട്. എന്നു വരെ കൊടുക്കണം എന്നുള്ളതു സംബന്ധിച്ചു പോലും തീരുമാനം എടുത്തിട്ടില്ല. സൗജന്യ റേഷൻ തുടരാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. 250-ലധികം മെഡിക്കൽ ക്യാമ്പുകൾ കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ പീരുമേട് മേഖലകളിലും അടഞ്ഞു കിടക്കുന്ന ഫാക്ടറി മേഖലകളിലും നടത്തിയിട്ടുണ്ട്. എല്ലാ സ്പെഷ്യലൈസ്ഡ് ട്രീറ്റുമെന്റുകൾക്കും ആവശ്യമായ സൗകര്യങ്ങളുള്ള ഒരു മൊബൈൽ വാൻ അടുത്ത മാസം 1-ാം തീയതി മുതൽ ആ മേഖലയ്ക്കു മാത്രമായി നിയോഗിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും അമ്പതോളം ഡോക്ടർമാർ അടങ്ങുന്ന ഒരു ടീം ആ പ്രദേശങ്ങളിലാകെ ഈ ഞായറാഴ്ച മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുണ്ട്. അവിടെയുള്ള സ്വകാര്യ ആശുപത്രികളുടെ സഹായത്തോടുകൂടി വളരെ വിശദമായ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നും ആവശ്യമായ മേഖലകളിൽ അതു ചെയ്യുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ഒരു റിലീഫ് കമ്മിറ്റിയെ തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഇ. എം. അഗസ്തി : സർ, വ്യവസായ വകുപ്പിന്റെ കീഴിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള ശ്രമങ്ങൾ നടക്കുന്നതോടൊപ്പം നമ്മുടെ പരമ്പരാഗത വ്യവസായ മേഖലകളായ കശുവണ്ടി, പ്ളാന്റേഷൻ, ബീഡി, കൈത്തറി എന്നീ മേഖലകളിലൊക്കെ തൊഴിലവസരങ്ങൾ കുറയുകയും വ്യവസായ സ്ഥാപനങ്ങൾ ഒന്നൊന്നായി അടച്ചു പൂട്ടുകയും ചെയ്യുകയാണ്. വ്യവസായ വകുപ്പും തൊഴിൽ വകുപ്പും നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ ഉറപ്പു വരുത്തുകയും അതുപോലെ തോഴിലവസരങ്ങൾ നൽകുകയുമാണ് ചെയ്യുന്നത്. മറിച്ച് തൊഴിൽ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ; വിദേശ മുതൽ മുടക്കിനു ഇന്ത്യാ ഗവൺമെന്റ് ആനുകൂല്യങ്ങളും പ്രോൽസാഹനങ്ങളും ചെയ്യുന്ന ഈ സാഹചര്യത്തിൽപ്പോലും പ്ളാന്റേഷൻ

മേഖലയിൽ ഉണ്ടായിരിക്കുന്ന ഈ ക്രൈസിസ് പരിഹരിക്കുന്നതിനു ദീർഘകാലാടിസ്ഥാനത്തിൽ വ്യവസായവകുപ്പുമായി ആലോചിച്ച് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ?

ശ്രീ. ബാബു ദിവാകരൻ : അടഞ്ഞു കിടക്കുന്ന തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം അതേറ്റെടുക്കാൻ വ്യവസായ സംരംഭകർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് അക്കാര്യത്തിൽ അവരുമായി ചർച്ചയ്ക്ക് തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്. അതുപോലെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും റീസ്ട്രക്ചറിംഗിനും വേണ്ടി ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്., ഇന്നു വ്യവസായ വകുപ്പിന്റെ ഡിമാന്റു ചർച്ചയിൽ വിശദമായി അക്കാര്യങ്ങൾ സംസാരിക്കാം. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി 500 കോടി രൂപയുടെ ഒരു ഫണ്ടിനു രൂപം കൊടുത്തിരിക്കുകയാണ്. ഈ വർഷം 50 കോടി രൂപ അതിനുവേണ്ടി നീക്കി വച്ചിട്ടുണ്ട്. ഓരോ വ്യവസായത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് അതു റീ സ്ട്രക്ചർ ചെയ്യുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരം അനുസരിച്ചും തൊഴിൽ നയം അനുസരിച്ചും തൊഴിൽ നഷ്പ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആത്മഹത്യയും പട്ടിണി മരണങ്ങളും കൂടിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഞാൻ ചോദിക്കുന്നത് ഓരോ പ്രദേശത്തിന്റെയും പ്രധാന്യം മനസ്സിലാക്കി ചില തീരുമാനങ്ങൾ ശക്തമായി എടുക്കാൻ ഗവൺമെന്റിനു കഴിഞ്ഞാൽ പരിഹാരം ഉണ്ടാക്കാൻ കഴിയും. ഉദാഹരണമായി തോട്ടംമേഖലയെക്കുറിച്ച് അങ്ങിവിടെ പറഞ്ഞു. അവിടെ തൊഴിലാളികൾ മുഴുവൻ പട്ടിണിയിലാണ്. സ്വാഭാവികമായും നഷ്ടത്തിലായ തോട്ടങ്ങൾ പൂട്ടിയിട്ട് ഉടമകൾ രക്ഷപ്പെടും. ആ തോട്ടങ്ങൾ ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽ തൊഴിലാളികളുമായി സഹകരിച്ചുകൊണ്ട് തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ അവരെ രക്ഷപ്പെടുത്താൻ കഴിയും. അതിനുവേണ്ടി ശക്തമായ നടപടികൾ എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ബാബു ദിവാകരൻ : ഞാൻ അതു നിഷേധിക്കുന്നില്ല. ടാറ്റാ, എ.വി.ടി. തുടങ്ങിയ വലിയ കമ്പനികൾക്കുപോലും ഇന്നത്തെ സാഹചര്യത്തിൽ അവരുടെ തോട്ടങ്ങൾ നിലനിർത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ല എന്നു മനസ്സിലാക്കിക്കൊണ്ട് ആ തോട്ടങ്ങൾ തന്നെ ഉപേക്ഷിക്കാൻ നിൽക്കുന്ന ഒരു സാഹചര്യത്തിൽ, തേയിലയ്ക്ക് ഇത്രയും വില കുറഞ്ഞിരിക്കുന്ന ഒരു അവസരത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ഉണ്ടാക്കിയാലും അതു നിലനിർത്തിക്കൊണ്ടുപോകുക എന്നു പറയുന്നത് എത്രമാത്രം പ്രായോഗികമാകും എന്നറിയില്ല. എന്തായാലും അങ്ങനെ ഒരു നിർദ്ദേശം വന്നാൽ, ചെറിയ ചെറിയ തോട്ടങ്ങൾ ആണെങ്കിൽ തീർച്ചയായും അതെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, തൊഴിൽനഷ്ടപ്പെടുന്ന സമയത്തും രോഗിയായി കിടക്കുന്ന സമയത്തും സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്ന സമയത്തും തൊഴിലാളികൾക്ക് അല്പമെങ്കിലും ആശ്വാസം നൽകാനുള്ള സംവിധാനങ്ങളാണ് ലേബർ വെൽഫെയർ ഫണ്ടും, പി. എഫ്. ഉം ഇ.എസ്.ഐ.യും. നിർഭാഗ്യവശാൽ ഇതിലേയ്ക്കുള്ള തൊഴിൽ ഉടമകളുടെ കോൺട്രിബ്യൂഷൻ ലഭിക്കാത്തതിന്റെ ഫലമായിട്ടു മാത്രമല്ല തൊഴിലാളികളിൽ നിന്നും പിടിച്ച കോൺട്രിബ്യൂഷൻ പോലും ഈ ഫണ്ടിലേയ്ക്ക് പോകാത്തതിന്റെ ഫലമായി സന്നിഗ്ദ്ധ ഘട്ടങ്ങളിൽ തൊഴിലാളികൾക്ക് ആശ്വാസം കിട്ടുന്നില്ല. ലോൺ പോലും കിട്ടുന്നില്ല. ഈ അപകടാവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ ഈ കോൺട്രിബ്യൂഷൻ ഫണ്ടിലേയ്ക്ക് യഥാസമയം പണം എത്തിക്കുന്നതിന് എന്തു നടപടിയാണ് എടുക്കാൻ പോകുന്നത് എന്നു വ്യക്തമാക്കാമോ ?

ശ്രീ. ബാബു ദിവാകരൻ : ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു വളരെ ഗൗരവമായ വിഷയമാണ്. പി. എഫ്. ലേയ്ക്ക് അടയ്ക്കേണ്ട വിഹിതം, തൊഴിലാളികളുടെ ശമ്പളത്തിൽ നിന്ന് പിടിച്ചതും മാനേജുമെന്റ് വിഹിതം ഉൾപ്പെടെ അടയ്ക്കാതിരിക്കുന്നത് പല പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുണ്ട്. ഇക്കാര്യം കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി കേരളം സന്ദർശിച്ച സമയത്ത് വളരെ ഗൗരവമായി ചർച്ച ചെയ്യുകയുണ്ടായി. ഇതൊക്കെയാണെങ്കിലും ഡിസ്ട്രസ്സിലുള്ള തൊഴിലാളികൾക്ക് അവരുടെ അക്കൗണ്ടിലുള്ള പണം പിൻവലിക്കുന്നതിനും ഇതുപോലെയുള്ള സഹായത്തിനുമായി ഉപയോഗപ്പെടുത്തുന്നതിന് എന്തു സംവിധാനം ഏർപ്പെടുത്താൻ കഴിയും എന്നുള്ളതു സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതിന് അനുകൂലമായ ഒരു തീരുമാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, തൊഴിൽ മേഖലയിൽ ഇന്ന് അനുഭവപ്പെടുന്ന ഗുരുതരമായ പ്രതിസന്ധിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയും പല മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിച്ചു. തൊഴിലവസരങ്ങൾ തീരെ സൃഷ്ടിക്കാൻ കഴിയാത്ത അവസ്ഥയാണിന്നുള്ളത്. തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിലാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തൊഴിലാളി വിരുദ്ധ നയങ്ങളുമായി മുന്നാട്ടു പോകുന്നത്. പുതിയ തൊഴിലാളി വിരുദ്ധ കരിനിയമങ്ങൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തും ഇനി ഗവൺമെന്റ് പുതിയ തൊഴിൽ നയങ്ങൾ സൃഷ്ടിക്കാൻ പോകുന്നു എന്ന് പറഞ്ഞു കേൾക്കുന്നുണ്ട്. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ നയങ്ങളിൽ തൊഴിലാളി വിരുദ്ധനയങ്ങൾ സ്വീകരിക്കില്ല എന്നു ഈ സഭയ്ക്ക് ഉറപ്പു നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. ബാബു ദിവാകരൻ : തൊഴിൽ നയങ്ങൾക്ക് രൂപം കൊടുക്കുമ്പോൾ തൊഴിലാളികളുടെ താല്പര്യങ്ങൾ തീർച്ചയായും സംരക്ഷിക്കും.

ശ്രീ. യു. സി. രാമൻ : സർ, തൊഴിൽ നഷ്ടപ്പെടുന്ന ആളുകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയും ആശ്വാസ നടപടികൾ എത്തിക്കുന്നതിന്റെയും ഭാഗമായി കമ്പനികളിൽ സമരങ്ങൾ ഒക്കെ ഉണ്ടാകുമെന്നു മന്ത്രി പറയുകയുണ്ടായി. എന്റെ മണ്ഡലത്തിലെ മാവൂർ ഗ്വാളിയോർ റയോൺസ് ഫാക്ടറിയിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളേയും അവിടത്തെ കരാർ തൊഴിലാളികളേയും ഉൾപ്പെടുത്തി ഒരു പദ്ധതി ആരംഭിക്കാൻ സാധിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : അത് പ്രത്യേകം പരിശോധിക്കപ്പടേണ്ട വിഷയമാണ്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, അങ്ങ് ഇപ്പോൾ ഇവിടെ തന്നിരിക്കുന്ന മറുപടിയിലേയ്ക്കു ഞാൻ കടക്കുന്നില്ല. കേരളാ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് 41.86 ലക്ഷം തൊഴിൽരഹിതർ ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നാണ്. എന്നാൽ അങ്ങു ഇവിടെ പറഞ്ഞതു വച്ചു നോക്കുമ്പോൾ ചെറിയ വ്യത്യാസമുണ്ട്. അഞ്ചു വർഷം കൊണ്ട് 15 ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2002-03-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഒരു ഉറപ്പു നൽകിയിരുന്നത് സ്ഥായിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി 5 വർഷം കൊണ്ട് 5 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കാൻ 201 കോടി രൂപ വകയിരുത്തിയിരിക്കുന്നു എന്നാണ് ഫെബ്രുവരിയിൽ പറഞ്ഞിരിക്കുന്നത്. രണ്ടു വർഷം കഴിഞ്ഞ സാഹചര്യത്തിൽ 5 വർഷത്തേയ്ക്ക് വച്ചിരിക്കുന്ന ഈ പദ്ധതിയിൽ ഒരു രൂപ എങ്കിലും ചെലവഴിച്ച് ഒരാൾക്ക് എങ്കിലും കേരളത്തിൽ തൊഴിൽ കൊടുത്തിട്ടുണ്ടോ എന്നു പറയാമോ ?

ശ്രീ. ബാബു ദിവാകരൻ : ഗവൺമെന്റിന്റെ നയം 5 വർഷം കൊണ്ട് 15 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക എന്നുള്ളതാണ്. ഒരു പ്രത്യേക പദ്ധതിയുടെ കാര്യമാണ് ബഡ്ജറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതു നടപ്പാക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുവരെ അതിനു വേണ്ടി പണമൊന്നും ചെലവഴിച്ചിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, ഇപ്പോൾ ഉണ്ടായിരിക്കുന്ന ഒരു പുതിയ പ്രവണത സ്വല്പം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾ വി. ആർ. എസ്. വാങ്ങി പിരിഞ്ഞുപോകാൻ തയ്യാറെടുക്കുകയാണ്.അതിനുള്ള പ്രധാന കാരണം വി. ആർ. എസ്. ന് എതിരായി സമരവും പിക്കറ്റിംഗും നടത്തിയ ട്രേഡ് യൂണിയൻ നേതാക്കന്മാർ പലരും അവസരം കിട്ടിയപ്പോൾ വി. ആർ. എസ്. ഉം വാങ്ങി മുങ്ങിയതാണ് . ഈ അവസരം മുതലെടുത്തുകൊണ്ട് സർക്കാരിന്റെ കയ്യിൽ നിന്നും ആനുകൂല്യമായി കിട്ടിയ ഭൂമി ഉൾപ്പെടെയുള്ള പ്രോപ്പർട്ടി വളരെ കൂടിയ

LIBRARY ARCHIVES Kerala Legislative Assembly

വിലയ്ക്ക് വിറ്റഴിച്ച് നാമമാത്രമായ തുക വി. ആർ. എസ്. ആയി തൊഴിലാളികൾക്ക് കൊടുത്തുകൊണ്ട് സ്വകാര്യ ഉടമകൾ കേരളത്തിൽ നിന്നും കമ്പനികൾ പൂട്ടി മുങ്ങുകയാണ്. അതു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു നിയന്ത്രിക്കാൻ നിലവിലുള്ള ഏതെങ്കിലും ലേബർ നിയമങ്ങൾ പര്യാപ്തമാണോ എന്നു വ്യക്തമാക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർക്കാർ നൽകിയിട്ടുള്ള ഭൂമി ആണെങ്കിൽ അതു വിൽക്കാനുള്ള അവകാശം മാനേജുമെന്റുകൾക്ക് ഇല്ല. സർക്കാർ നൽകിയിട്ടുള്ള ഭൂമി ഏതെങ്കിലും മാനേജുമെന്റുകൾ വിറ്റതായി ശ്രദ്ധയിൽപ്പെട്ടാൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഇപ്പോൾ തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു വരികയാണ്. അതു വളരെ ഉത്ക്കണ്ഠ ഉണ്ടാക്കുന്ന ഒരു സംഭവമാണ്. കോഴിക്കോടു ജില്ലയിൽ തന്നെ രണ്ടുവർഷക്കാലത്തിനിടയിൽ ചെറുതും വലുതുമായിട്ടുള്ള യൂണിറ്റുകളിൽ, തോട്ടങ്ങളിൽ ഉൾപ്പെടെ പണിയെടുത്തിരുന്ന പതിനയ്യായിരത്തിലധികം തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടാകും. കൃത്യമായ കണക്കുകൾ എന്റെ കയ്യിൽ ഇല്ല. ഇതൊരു വലിയ പ്രശ്നമായി മാറുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം പൊതുമേഖലയിലും സ്വകാര്യ മേഖലയിലും നിർണ്ണയിക്കപ്പെട്ടിട്ടില്ല എന്നു പറഞ്ഞു. ഇതു വളരെ ഗൗരവമുള്ള പ്രശ്നമാണ്. തൊഴിൽ നഷ്ടപ്പെട്ടവരുടെ പ്രശനങ്ങൾക്ക് പരിഹാരം കാണുന്നതിന് തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം നിർണ്ണയിച്ച് ആവശ്യമായ ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : തൊഴിൽ നഷ്ടപ്പെട്ടവരുടെ കൃത്യമായ കണക്കുകൾ ശേഖരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം സ്വീകരിക്കുന്നു..

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, നമ്മുടെ സംസ്ഥാനത്തെ പല വ്യവസായ സ്ഥാപനങ്ങളും ആധുനികവൽക്കരണം ചെയ്താൽ മാത്രമേ മുന്നോട്ടു കൊണ്ടു പോകാൻ കഴിയൂ എന്നുള്ള സ്ഥിതിവിശേഷത്തിലാണ് നിൽക്കുന്നത്. സമരം ചെയ്യുന്ന സംഘടനകളെ പ്രീതിപ്പെടുത്താൻ വേണ്ടി ഒരു ഗഡു തുക കൊടുക്കുക എന്നല്ലാതെ പല സ്ഥാപനങ്ങളുടെയും പ്രവർത്തനം യാഥാർത്ഥ്യമാക്കാൻ സാധിക്കുന്നില്ല. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനത്തിന് ആവശ്യമായ പണം കൊടുക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ധനകാര്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പു മന്ത്രിയും അങ്ങും ചേർന്ന് ഒരു കമ്മിറ്റി രൂപീകരിച്ച് ഉചിതമായ ഒരു തീരുമാനം പെട്ടെന്ന് എടുക്കുമെന്നു പറയാൻ കഴിയുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, അദ്ദേഹം ചൂണ്ടിക്കാണിച്ചത് വളരെ ഗുരുതരമായ പ്രശ്നമാണ്. ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ സ്ഥാപനങ്ങളും കടുത്ത മൽസരങ്ങളെ നേരിടുകയാണ്. ആ മൽസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചുനിൽക്കണമെങ്കിൽ മോഡേണൈസേഷനാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും വേണം. അതിന് വലിയ തോതിലുള്ള ഇൻവെസ്റ്റുമെന്റ് ആവശ്യമാണ്. അതിൽ ഗവൺമെന്റുതന്നെ മുഴുവൻ ഇൻവെസ്റ്റുമെന്റും നൽകുകയെന്നുള്ളത് എത്രത്തോളം പ്രായോഗികമാകുമെന്നുള്ളത് പരിശോധിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം തീർച്ചയായും പരിഗണിക്കും. ഓരോ സ്ഥാപനത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് കംപോള മൽസരത്തിൽ പിടിച്ചു നിൽക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യം സൃഷ്ടിക്കുന്ന നിലയിൽ ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എ. എ. അസീസ് : സർ, സ്ഥാപനങ്ങൾ അടച്ചുപൂട്ടൽമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് ചികിൽസാ സഹായം ലഭിക്കുന്നില്ല. കശുവണ്ടി മേഖലയിൽ 40,000 തൊഴിലാളികൾക്ക് ഇ.എസ്.ഐ വഴിയുള്ള ചികിൽസാ സഹായം ലഭിക്കുന്നില്ല. അവർക്ക് ചികിൽസാ സഹായമാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : മുൻപ് ഇവിടെ സൂചിപ്പിച്ച പി.എഫ്-ന്റെ പ്രശ്നംപോലെ തന്നെ ഇ.എസ്.ഐ യുടെ ആനുകൂല്യങ്ങളും ഇ.എസ്.ഐ-യിൽ അംഗമായി ഒരു വർഷമെങ്കിലും കോൺട്രിബ്യൂഷൻ അടച്ചിട്ടുള്ളവർക്കും ഏറ്റവും പിന്നോക്കം നിൽക്കുന്ന കശുവണ്ടി പോലുള്ള പരംപരാഗത മേഖലയിലുള്ളവർക്കും ചികിൽസാ സഹായം നൽകാൻ കഴിയുമോയെന്നുള്ളത് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയുമായി ടേക്ക് അപ്പ് ചെയ്തിട്ടുണ്ട്. വീണ്ടും persue ചെയ്ത് എന്തെങ്കിലും തീരുമാനമുണ്ടാക്കാൻ നോക്കാം.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, നമ്മുടെ രാഷ്ട്രീയ പ്രതിബദ്ധതയ്ക്കും സംഘടിത ട്രേഡ് യൂണിയന്റെ വളർച്ചയ്ക്കുമൊക്കെ ഏറെ സഹായകമായ തൊഴിലാളി വിഭാഗമാണ് ബീഡി തൊഴിലാളികൾ. മണ്ണാർക്കാട്, ആലത്തൂർ, ഒറ്റപ്പാലം, കൊടുവായൂർ, ചുരങ്ങാട് എന്നീ പ്രദേശങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾ പട്ടിണിയിലും ദാരിദ്ര്യത്തിലുമാണ്. സ്കൂൾ തുറന്ന സാഹചര്യത്തിൽ കുട്ടികൾ വളരെ വിഷമത്തിലായിരുന്നു. അതുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റ് അടിയന്തിരമായി ഈ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : കേന്ദ്ര ക്ഷേമ പദ്ധതിയിൽ നിന്നും സംസ്ഥാനത്തെ ബീഡിത്തൊഴിലാളികളുടെ ക്ഷേമ പദ്ധതിയിൽ നിന്നും ഏതെല്ലാം ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുമെന്നുള്ളത് പരിശോധിച്ച് എത്രയും പെട്ടെന്ന് നടപടിയെടുക്കാം.

ശ്രീ. ബിനോയ് വിശ്വം : സർ, ശ്രീ. ഡി. സുഗതൻ ഇവിടെ വളരെ ഗൗരവമായ ഒരു കാര്യം ഉന്നയിച്ചു. ഒരു പുതിയ പ്രതിഭാസം വരികയാണ്, lay off അല്ല, lockout അല്ല closure അല്ല ഒന്നുമല്ല, ചുമ്മാതെ കമ്പനി പൂട്ടിപ്പോകുകയാണ്. Kerala spinners, ആലപ്പുഴ പോയി, മലപ്പുറം ജില്ലയിലെ

LIBRARY ARCHIVES Kerala Legislative Assembly

Eurospin പോയി. അവിടെയൊക്കെ പതിനായിരങ്ങൾ പട്ടിണിയിലാണ്. ആത്മഹത്യവരെ ഉണ്ടാകുന്നുണ്ട്. തൊഴിൽ നിയമങ്ങൾ പാലിക്കാൻ ബാദ്ധ്യസ്ഥമായിട്ടുള്ള ഗവൺമെന്റ് കയ്യുംകെട്ടി നോക്കിയിരിക്കുന്നു. ഗവൺമെന്റ് ആരുടെ ഭാഗത്താണ് ? നിയമങ്ങൾ പാലിക്കാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റ് , ഗവൺമെന്റ് അംഗീകരിച്ച ഈ നാട്ടിലെ ഇൻഡസ്ട്രിയൽ ലാ പാലിക്കാൻ തയ്യാറാകുമോ അതോ നിയമം ലംഘിക്കുന്ന ഉടമകളുടെ പുറകെ വാലാട്ടിപ്പോകുമോ ?

ശ്രീ. ബാബു ദിവാകരൻ : അങ്ങ് ചൂണ്ടിക്കാണിച്ച Eurospin തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വളരെ ശക്തമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ട്രേഡ് യൂണിയനുകൾകൂടി വിട്ടുവീഴ്ച ചെയ്തിരുന്നുവെങ്കിൽ തീർച്ചയായിട്ടും ആ സ്ഥാപനം അവിടെ നിലനിൽക്കുമായിരുന്നു. ഗവൺമെന്റിനെ accuse ചെയ്യുമ്പോൾ ഉള്ള കാര്യം പറയണ്ടേ ? അത് തുറന്നു പ്രവർത്തിപ്പിക്കുവാനാണ് ഗവൺമെന്റ് ശ്രമിച്ചത്. പലപ്രാവശ്യം ചർച്ചകൾ നടത്തി. അവർ closure -നു വേണ്ടിയുള്ള റിക്വസ്റ്റ് ചോദിച്ചു. നിയമപരമായി കോടതിയിൽ പോയി അവർ കേസ് വാദിച്ചു. എന്നിട്ടും ഇത് തുറന്നു പ്രവർത്തിപ്പിക്കുന്നതിന്, കേസായതിനുശേഷവും അവരുമായി ചർച്ച നടത്തി, യൂണിയനുകൾ കുറെക്കൂടി വിട്ടുവീഴ്ചാമനോഭാവത്തോടുകൂടി ഈ പ്രശ്നത്തെ കണ്ടിരുന്നുവെങ്കിൽ ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയുമായിരുന്നു യെന്നുള്ളതാണ് എന്റെ വിശ്വാസം. ഇനിയും ശ്രമിക്കുന്നതിന് ഗവൺമെന്റിന് യാതൊരു മടിയുമില്ല. പക്ഷെ മാനേജുമെന്റുകൾക്ക് ഈ സ്ഥാപനം നടത്തുന്നതിൽ ഒരു താൽപ്പര്യവുമില്ല.

ബസ്സുകളിൽ സ്പീഡ് ഗവേണർ സംവിധാനം

3 (*243) ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബസ്സുകളിൽ 'സ്പീഡ് ഗവേണർ' സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത സംവിധാനം പരീക്ഷണ വിജയം നേടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, ഈ സംവിധാനം ഏർപ്പെടുത്തുന്നതുവഴി കെ.എസ്. ആർ.ടി.സി.ക്ക് ഉണ്ടാകാവുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ,

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സ്റ്റേജ് ക്യാരേജുകളിലും(stage carriages) വലിയ ട്രാൻസ്പോർട്ട് വാഹനങ്ങളിലും (heavy transport vehicles) 'സ്പീഡ് ഗവേണർ' 2003 സെപ്റ്റംബർ ഒന്നു മുതൽ ഘടിപ്പിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly